"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/10/2022 ലെ യോഗ തീരുമാനം (4.5) - ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിൽ ചെന്നാട്ട് കോളനിയിൽ ശ്രീ.മോഹൻ എന്ന ആൾക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3042/2022/LSGD തീയതി,തിരുവനന്തപുരം, 08-12-2022

പരാമർശം:-

1. കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/05/2022 ലെ എ2/5807/2021 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15/10/2022 തീയതിയിലെ യോഗ തീരുമാനം (4.5).

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്ത് ചെന്നാട്ട കോളനിയിൽ ശ്രീ. മോഹനന് 2010-11-ൽ IAY ഭവനപദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനു 90,000 രൂപ (90% തുക) നൽകിയിരുന്നെങ്കിലും വീട് ലിന്റൽ ലവൽ മാത്രമേ അന്നു പണിതുള്ളൂ. ഈ നിർമ്മാണപ്രവർത്തികൾ ജീർണ്ണിച്ചു പോവുകയും പൊളിച്ചു മാറ്റുകയും ചെയ്തു. ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകന്റെ കുടുംബത്തിന്റെ ദയനീയ സ്ഥിതി പരിഗണിച്ച് മുമ്പ് കൈപ്പറ്റിയ 90,000 രൂപ കുറവു ചെയ്ത് ബാക്കി തുക നൽകാൻ അനുമതി നൽകണമെന്ന്പരാമർശം (1) പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15/10/2022 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പട്ടിക വർഗ്ഗത്തിൽപ്പെട്ട കുമാരപുരം ഗ്രാമപഞ്ചായത്ത് ചെന്നാട്ടെ കോളനിയിൽ ശ്രീ മോഹനന് ടിയാന്റെ കുടുംബത്തിലെ ദയനീയ സ്ഥിതി പരിഗണിച്ച്, 2010-11 ൽ ഐ എ വൈ ഭവന പദ്ധതിയിൽ കൈപറ്റിയ 90,000 രൂപ കുറവ് ചെയ്ത് ബാക്കി തുക

അനുവദിക്കുന്നതിന്, നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് ഉചിതമായ രീതിയിൽ ഇടപെടേണ്ടതാണ് എന്ന നിബന്ധനയോടെ, പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ(റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കുമാരപുരം, ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ .
ശ്രീ മോഹനൻ, ചെന്നാട്ട് കോളനി ,കുമാരപുരം , ആലപ്പുഴ.
തദ്ദേശ സ്വയംഭരണ (ഡി എ ) വകുപ്പ്.
ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ്ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sheeba S C
Date: 09-12-2022 14:36:46
സെക്ഷൻ ഓഫീസർ